"ഭരണഭാഷ – മാതൃഭാഷ"

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ജാഫർ മാലിക്, IAS)**

തിരുവനന്തപുരം

ഉത്തരവ് നമ്പർ: C1/8394/18 തീയതി: 15.02.2019

**വിഷയം:-** സാമൂഹ്യനീതി വകുപ്പ്- ഡിപ്പാർട്ട് മെൻറൽ ട്രെയിനിംഗ് പ്രോഗ്രാം 2018-19 – വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ/ സ്റ്റാഫ് നഴ്സ്/ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡേഴ്സ് എന്നീ ജീവനക്കാരെ പരിശീലനത്തിന് നിയോഗിച്ച് കൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** സാമൂഹ്യ നീതി ഡയറക്ടറുടെ 14.02.2019 ലെ C1-8394/18 നമ്പർ നടപടിക്രമം.

സാമൂഹ്യ നീതി വകുപ്പിലെ ഡിപ്പാർട്ട് മെൻറൽ ട്രെയിനിംഗ് പ്രോഗ്രാം 2018-19 ൻെറ ഭാഗമായി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ/ സ്റ്റാഫ് നഴ്സ്/ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡേഴ്സ് എന്നീ ജീവനക്കാർക്ക് സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ് മെൻറ് -ൻെറ സഹകരണത്തോടെ പരിശീലനം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്., 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ടി ട്രെയിനിംഗ് പ്രോഗ്രാമിലേക്ക് പരാമർശ പ്രകാരം ജീവനക്കാരെ നിയോഗിച്ച് ഉത്തരവായിരുന്നു.

മേൽപ്പറഞ്ഞ ഉത്തരവിൽ കുക്ക്, ആയ എന്നീ വിഭാഗത്തിൽ പ്പെട്ട ജീവനക്കാരുടെ ട്രെയിനിംഗ് തീയതിയിൽ ചുവടെ പ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. COOK – 05.03.2019 to 06.03.2019
2. PTS / AYAH – 07.03.2019 to 08.03.2019

Venue: Cardinal Parecattil Memorial Renewal Centre, Azad Rd., Kaloor, Ernakulam

പരാമർശിത ഉത്തരവ് പ്രകാരം ട്രെയിനിംഗിന് നിയോഗിച്ച കുക്ക്, ആയ / PTS വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ മേൽപ്പറഞ്ഞ തീയതിയിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്.

പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നില നിൽക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

**ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്**

**പകർപ്പ്**

1. ഡയറക്ടർ, CMD
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്